# കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ലിമിറ്റഡ് നമ്പർ റ്റി 732, തിരുവനന്തപുരം

**ഇമെയിൽ:** sectthousco@gmail.com :: Website: www.secretariathousco.com

**ഫോൺ :** 0471-2518714, 2518993 വാട്സ്ആപ്പ് : 8075540464

**നിയമസഭ കൗണ്ടർ** 0471-2512583


## സ്പെഷ്യൽ ഡ്രീം ഹോം സ്കീമിൽ ചേരുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും അംഗനമ്പരും | |
| 2 | (1) അപേക്ഷകന്റെ ഓഫീസ് മേൽവിലാസം | |
| | (2) അപേക്ഷകന്റെ സ്ഥിര മേൽവിലാസം | |
| | ഓഫീസ് ഫോൺ | |
| | മൊബൈൽ നമ്പർ | |
| | വാട്സ്ആപ്പ് നമ്പർ | |
| 3 | വയസ്സ്, ജനന തീയതി | |
| 4 | വിരമിക്കൽ തീയതി | |
| 5 | വിരമിക്കാൻ അവശേഷിക്കുന്ന മാസം | |
| 6 | പ്രതിമാസ നിക്ഷേപ തുക | |
| 7 | നിക്ഷേപം തുടങ്ങുന്ന തീയതി | |
| 8 | കാലാവധി അവസാനിക്കുന്ന തീയതി | |
| 9 | അവകാശിയുടെ പേരും മേൽവിലാസവും ബന്ധവും | |

## നിബന്ധനകൾ

1 ഇത് "സ്പെഷ്യൽ ഡ്രീം ഹോം സ്കീം" (Special DHS) എന്ന പേരിൽ ഒരു പ്രതിമാസ നിക്ഷേപ പദ്ധതി ആയിരിക്കും

2 ഡി.എച്ച്.എസ്, ഡി.എച്ച്.എസ് പ്ലസ്, ലോൺ എന്നിവയെല്ലാം ചേർത്ത് ആകെ 40 ലക്ഷം രൂപയിൽ കൂടുതൽ ബാദ്ധ്യത വരുന്നവർ ഒഴികെ സംഘത്തിലെ എ ക്ലാസ്സ് അംഗങ്ങളായ സഹകാരികൾക്ക് സ്പെഷ്യൽ ഡി.എച്ച്.എസ് നിക്ഷേപ പദ്ധതിയിൽ ചേരാവുന്നതാണ്.

3 ഈ സ്കീമിന് ലേല വ്യവസ്ഥ ഉണ്ടായിരിക്കുന്നതല്ല.

4 മുൻഗണന ലഭിക്കുന്നതിന് ഭവന നിർമ്മാണം/ഭവനം വാങ്ങുന്നതിനുള്ള രേഖകൾ നറുക്കെടുപ്പിന് 5 ദിവസം മുൻപ് സംഘം ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

5 ഭവന നിർമ്മാണത്തിനുള്ള രേഖകൾ സമർപ്പിക്കുന്നത് പരിശോധിച്ച് അന്തിമ തീരുമാനം സംഘം ഭരണസമിതിയുടേതായിരിക്കും.

6 ഒരു സഹകാരി ഒന്നിൽ കൂടുതൽ നിക്ഷേപ പദ്ധതികളിൽ ചേർന്നാലും മുൻഗണന ലഭിക്കുന്നത് ഒരു നറുക്കെടുപ്പിൽ മാത്രമായിരിക്കും.

7 ഈ സ്കീമിൽ ........................... മാസം നിക്ഷേപിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ നിക്ഷേപ സംഖ്യ മുടക്കം കൂടാതെ മാസംതോറും അടച്ച് ഈ സ്കീം അവസാനിപ്പിക്കേണ്ടതാകുന്നു.

8 ഈ സ്കീമിലെ വായ്പകൾക്ക് ഓഹരി അനുപാതം ബാധകമായിരിക്കുന്നതല്ല.

9 മാസംതോറും നിശ്ചിത തീയതിയിൽ നിക്ഷേപ സംഖ്യ അടയ്ക്കാതിരുന്നാൽ മുടക്കുകൾക്ക് 10.5% വീതം പലിശ ഈടാക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ ഒരു മാസത്തെ പലിശ നൽകേണ്ടതാണ്. മുടക്കം വന്ന തവണകൾ മുഴുവനായി അടച്ച് തീർത്തതിന് ശേഷം മാത്രമേ തുടർന്നുള്ള നറുക്കെടുപ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

10 സ്കീം വായ്പ വാങ്ങി മുടക്കം വരുത്തുന്ന നിക്ഷേപകനിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ അവരുടെ മറ്റു സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ ഈ സ്കീം അവസാനിക്കുന്ന കാലാവധിക്കു മുമ്പോ അവസാനിച്ച ശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പാ തുകയും പലിശ, മറ്റു ചെലവുകൾ എന്നിവ ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

11 ഈ സ്കീമിന്റെ തവണ തീയതി സംഘം നിശ്ചയിക്കുന്ന തീയതി ആയിരിക്കുന്നതും ടി തീയതി സംഘം അവധി ദിവസമായിരുന്നാൽ അടുത്ത പ്രവൃത്തിദിവസം നിശ്ചിത തവണ തീയതി ആയിരിക്കുന്നതുമാണ്. സ്കീമിന്റെ നിശ്ചിത തീയതികളിലോ അതിനു മുമ്പോ സംഘം പ്രവർത്തന സമയത്ത് സംഖ്യ സ്വീകരിക്കുന്നതാണ്.

12 സംഘത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ കൈമാറ്റം ചെയ്തു കിട്ടിയ നിക്ഷേപകന് മുൻ നിക്ഷേപകനുണ്ടായിരുന്നതിനേക്കാൾ കൂടുതലായി യാതൊരവകാശാധികാരവും ഇല്ലാത്തതാകുന്നു. സ്കീം വായ്പ കൈപ്പറ്റിയ നിക്ഷേപകനെ ടിയാന്റെ നിക്ഷേപ സ്കീമിലെ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല.

13 സ്കീം നിക്ഷേപകൻ സംഘത്തിലേക്ക് സ്വന്തം നിലയിലോ ജാമ്യം നിലയിലോ ബാധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ നിക്ഷേപ സംഖ്യ ടി ബാധ്യതയിലേക്ക് തട്ടിക്കിഴിക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കും.

14 നിക്ഷേപകൻ സംഘത്തിലേക്ക് അടയ്ക്കുന്ന സംഖ്യയ്ക്ക് രസീത് നൽകുന്നതാണ്. സ്കീം വായ്പക്കാരനും ജാമ്യക്കാരനും സംഘത്തിൽ നിന്നും വാങ്ങുന്ന സംഖ്യകൾക്ക് രസീത്/ ജാമ്യച്ചീട്ട്/ പണയാധാരം മുതലായവ ഒപ്പിട്ടു തരേണ്ടതാകുന്നു.

15 മൂന്നോ മൂന്നിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന സ്കീം നിക്ഷേപകനെതിരെ സംഘം ബൈലോ വ്യവസ്ഥകൾക്കനുസൃതമായി നടപടി കൈകൊള്ളുന്നതായിരിക്കും ഇത്തരമൊരു നിക്ഷേപകനെ നീക്കം ചെയ്തില്ല എന്നതുകൊണ്ട് മാത്രം ടിയാനെ സ്കീമിൽ തുടരുന്നതിന് അനുവദിച്ചതായി കണക്കാക്കാവുന്നതല്ല.

16 ഈ സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച ആവശ്യമാണെന്ന് തോന്നുന്ന യുക്തമായ കൂടുതൽ നിബന്ധനകൾ കൂട്ടിച്ചേർക്കുന്നതിനും, ഈ നിബന്ധനകൾക്ക് ആവശ്യമാണെന്ന് തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിനും സംഘം ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കംചെയ്യുന്നതോ കൂട്ടിച്ചേർക്കുന്നതോ ആയ എല്ലാ നിബന്ധനകളും സ്കീം നിക്ഷേപകനും സ്കീം വായ്പക്കാരനും ബാധകമായിരിക്കുന്നതാണ്.

17 ഈ സ്കീം /വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളിലും സംഘം ഭരണ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

18 സംഘം നടത്തിവരുന്ന നിക്ഷേപ പദ്ധതിയെ സംബന്ധിച്ച നിബന്ധനകൾ ഞാൻ പൂർണമായി അംഗീകരിച്ച് ഒരു നിക്ഷേപകനായി ചേർന്നിരിക്കുന്നു

**പേര്:**

**ഒപ്പ്:**

**സ്ഥലം:**

**തീയതി:**

**സ്പെഷ്യൽ ഡി.എച്ച്.എസ് നമ്പർ:**

**പ്രസിഡന്റ്** **സെക്രട്ടറി**